"ഭരണഭാഷ - മാതൃഭാഷ"

നം.വിജി.1/218/2018

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി:28/05/2018.

**സർക്കുലർ നമ്പർ: 28/2018.**

വിഷയം: എസ്റ്റാ-ട്രഷറീസ് -പൈനാവ് , അടിമാലി സബ് ട്രഷറികളിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - Personal Cash Declaration Register സൂക്ഷിക്കുന്നത് -സംബന്ധിച്ച്.

വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഇടുക്കി യൂണിറ്റ് പൈനാവ്, അടിമാലി എന്നീ സബ് ട്രഷറികളിൽ നടത്തിയ മിന്നൽ പരിശോധനയിൽ ടി ട്രഷറികളിൽ ഗവൺമെന്റ് ഉത്തരവ് പ്രകാരം നിർബന്ധമായും സൂക്ഷിക്കേണ്ട Personal Cash Declaration Register സൂക്ഷിക്കുന്നില്ലെന്ന് കണ്ടെത്തുകയും ടി രജിസ്റ്റർ ട്രഷറികളിൽ സൂക്ഷിക്കണമെന്ന നിർദ്ദേശം നൽകണമെന്ന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിലെ എല്ലാ ട്രഷറികളിലും Personal Cash Declaration Register സൂക്ഷിക്കണമെന്ന് നിർദ്ദേശിക്കുന്നു. വീട്ടിൽ നിന്നും ഓഫീസിലേക്ക് ഓരോ ദിവസം കൊണ്ടുവരുന്ന തുക എല്ലാ ഉദ്യോഗസ്ഥരും ഓഫീസിലെ Personal cash declaration register-ൽ ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, കൈവശമുള്ള തുക എന്നിവ രേഖപ്പെടുത്തേണ്ടതാണ്. ജില്ലാ ട്രഷറി ഓഫീസർമാർ തങ്ങളുടെ പരിധിയിലുള്ള എല്ലാ ട്രഷറികളിലും Personal Cash Declaration Register സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ട്രഷറികളിൽ ഇൻസ്പെക്ഷൻ നടത്തുമ്പോൾ ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ ട്രഷറി ഓഫീസർമാരും ഈ രജിസ്റ്റർ പരിശോധിക്കേണ്ടതാണ്.

എ.എം.ജാഫർ
ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ട്രഷറി ഓഫീസർമാർക്കും / മേഖലാ ട്രഷറി ഡെപ്യൂട്ടി ഡയറക്ടർമാർക്കും

<u>പകർപ്പ് :</u>

ജോയിന്റ് ഡയറക്ടർമാർ I & II
ഡയറക്ടറേറ്റിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർ
ഡയറക്ടറുടെ സി.എ.
കരുതൽ ഫയൽ